# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2434 07.10.2016 ലെ മറുപടിക്ക്

## തർക്ക വസ്തുവിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് : | ശ്രീ.കെ.റ്റി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണലിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതു സംബന്ധിച്ചുള്ള തർക്കം നിലനിൽക്കുന്ന ചെറുവയ്ക്കൽ വാർഡിലെ ശ്രീ.രാമചന്ദ്രൻ നായർ, സുഭദ്രാസദനം, കട്ടേല നൽകിയ UE2/4576/2016, UE2/4992/16 എന്നീ നമ്പർ പരാതികളിൽ നഗരസഭ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഈ പരാതി അന്വേഷിച്ചിട്ടുണ്ടോ; എന്നാണ് അന്വേഷിച്ചത്; ആരാണ് അന്വേഷണം നടത്തിയത്; ഇതു സംബന്ധിച്ച് റിപ്പോർട്ട് എന്നാണ് നൽകിയത്; പരാതിക്കാരന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) പ്രസ്തുത പരാതികളിന്മേൽ 16.08.2016 ൽ എതിർ കക്ഷിയ്ക്ക് മെമ്മോ നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയെക്കുറിച്ച് സ്ഥലപരിശോധന നടത്തി ഓവർസീയറും, അസിസ്റ്റന്റ് എഞ്ചിനീയറും, 16.08.2016 ലും 07.09.2016 ലും അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. അന്വേഷണത്തിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ പരാതിക്കാരന് മറുപടി നൽകിയിട്ടില്ല. |
| (ബി) പെർമിറ്റ് നൽകിയിരിക്കുന്ന പുരയിടം തർക്കഭൂമിയും കോടതി കേസ്സ് നിലനിൽക്കുന്നതും സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യാൻ കോടതി ഉത്തരവ് നൽകിയിരിക്കുന്നതുമായ വിവരം നഗരസഭ അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും റൂൾ വയലേഷൻ ഉണ്ടായിട്ടുണ്ടോ; തർക്ക പ്രദേശത്ത് തെളിവ് നശിപ്പിക്കുന്ന രീതിയിൽ നിർമ്മാണം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ആവലാതിക്കാരൻ നൽകിയ കോടതി ഉത്തരവിന്റെ പകർപ്പ് നഗരസഭ പരിശോധിച്ചിട്ടുണ്ടോ; ഇതിന് നഗരസഭയുടെ നിയമ സെക്ഷന്റെ നിയമോപദേശം തേടിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; കക്ഷി നൽകിയിരിക്കുന്ന കെട്ടിട പെർമിറ്റിന് | (ബി) കേസിനെക്കുറിച്ച് നഗരസഭ അന്വേഷിച്ചിട്ടില്ല. കാരണം എതിർകക്ഷിയുടെ പേരിൽ കേസ് നിലനിൽക്കുന്ന രേഖകൾ ഒന്നും നഗരസഭയിൽ ലഭിച്ചിട്ടില്ല. പ്രസ്തുത പെർമിറ്റിൽ റൂൾ വയലേഷൻ ഒന്നും കണ്ടെത്തിയിട്ടില്ല. എതിർകക്ഷിയുടെ പേരിൽ കേസ് നിലനിൽക്കുന്ന രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ നിയമ ഉപദേശം തേടിയിട്ടില്ല. ഓവർസീയറും, അസിസ്റ്റന്റ് എഞ്ചിനീയറും സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. റിവൈസ്ഡ് പ്ലാൻ എതിർ കക്ഷി നൽകിയിട്ടില്ല. |

പ്ലാനിൽ പിശകുള്ളതായി നഗരസഭയ്ക്ക് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ടോ; ഇതു സംബന്ധിച്ച് സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ; പ്ലാനുമായി ഒത്തുനോക്കിയിട്ടുണ്ടോ; ആയതു പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; റിവൈസ്ഡ് പ്ലാൻ കക്ഷി നൽകിയിട്ടുണ്ടോ; എന്നാണ് നൽകിയത്; ഇതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) നിർമ്മാണപ്രവർത്തനം നിർത്തി വയ്ക്കുവാൻ നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ടോ; നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് നഗരസഭ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറ്റകരമായ അനാസ്ഥ കാട്ടിയതായും ഇതു സംബന്ധിച്ച ദുരൂഹതയുള്ളതായും പരാതിക്കാരന് സംശയമുള്ളതിനാൽ ഒരു വിദഗ്ദ്ധ സംഘത്തെക്കൊണ്ട് അന്വേഷണം നടത്തുമോ?

(സി) പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായി താൽക്കാലികമായി പണി നിർത്തി വയ്ക്കുവാൻ നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. പെർമിറ്റ് നൽകിയതിൽ റൂൾ വയലേഷൻ ഇല്ലാത്തതിനാൽ പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ